ഉത്തരം

(എ) കണ്ണൂർ ജില്ലാ ഹോമിയോ ഓഫീസിൽ അനുവദിച്ച ജീവനക്കാരുടെ എണ്ണം ആറ്(6)

നിലവിലുള്ളവരുടെ എണ്ണം - 6

തസ്തികകളുടെ വിവരം

ജില്ലാ മെഡിക്കൽ ഓഫീസർ	-	1
സീനിയർ സൂപ്രണ്ട്	-	1
എൽ.ഡി. ക്ലാർക്ക്/ ടൈപ്പിസ്റ്റ്	-	2
പ്യൂൺ	-	1
പാർട്ട് ടൈം സ്വീപ്പർ	-	1

(ബി) ഒഴിവുകൾ ഒന്നുമില്ല.

170(198) സംസ്ഥാന സർവ്വീസിലേയ്ക്ക് കായികതാരങ്ങളെ നിയമിക്കുന്നതിനുള്ള നടപടി

ശ്രീ.കെ.പി.രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനസർവ്വീസിലേയ്ക്ക് കായികതാരങ്ങളെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം എത്ര പേരെ നിയമിച്ചിട്ടുണ്ട്. അവരുടെ പേരും പ്രതിനിധീകരിക്കുന്ന മേഖലയും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിയമനം തടഞ്ഞുകൊണ്ടുള്ള ഏതെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ കോടതി ചൂണ്ടിക്കാണിച്ച തടസ്സങ്ങൾ എന്തെല്ലാം; ഇതു നീക്കികിട്ടാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) കായികതാരങ്ങൾക്കു നല്കുന്ന ക്യാഷ്അവാർഡ് 1996 മുതൽ ഓരോ വർഷവും എത്ര പേർക്ക് നല്കി; ഏതു വർഷം വരെ ഈ അവാർഡ് നല്കിയിട്ടുണ്ട്; ഇതു നല്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ?

ഉത്തരം

(എ) സംസ്ഥാന സർവ്വീസിലേയ്ക്ക് കായികതാരങ്ങളെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് 25.11.98 ൽ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ തുടർ നടപടി പുരോഗമിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന എട്ടുപേരെ നിയമിച്ചിട്ടുണ്ട്.

1. ശ്രീ. എസ്. ഗോപിനാഥൻ	-	ബോൾബാറ്റ്മിന്റൺ
2. ശ്രീ.എം. സതീഷ് കുമാർ	-	ബോക്സിംഗ്
3. ശ്രീമതി എസ്. ഗിരിജ	-	ഫുഡ്ബോൾ
4. ശ്രീമതി മറിയ ജസീന്ത	-	ഫുഡ്ബോൾ
5. ശ്രീമതി ആർ. സരിത	-	അക്വാട്ടിക്
6. ശ്രീമതി റ്റി.ചിത്ര	-	സൈക്ലിംഗ്

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീമതി എം.എ റജീനാ ബീഗം - ഹാൻഡ്ബോൾ

8. ശ്രീമതി സീനാ സി.വി. - ഫുട്ബോൾ

(ബി) നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് 25.11.98-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഉൾപ്പെടുത്താത്ത ചില ഇനങ്ങൾ കൂടി ഉൾപ്പെടുത്തുവാനും ആ ഇനത്തിൽപ്പെടുന്നവരുടെ അപേക്ഷകളും കൂടി പരിഗണിക്കുവാനും വേണ്ടി ചിലർ കേസുകൾ ഫയൽ ചെയ്തു . ചിലതിൽ അവരുടെ കാര്യം പരിഗണിക്കുന്നത് സംബന്ധിച്ച് കോടതി ഇടക്കാല ഉത്തരവുകൾ നല്കുകയും ഒരെണ്ണത്തിൽ അന്തിമ ഉത്തരവും പുറപ്പെടുവിക്കുകയുണ്ടായി . ഈ ഉത്തരവ് ഭേദഗതി ചെയ്തു കിട്ടുവാൻ സർക്കാർ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. അതിന്മേലും കോടതിയിൽ നിന്നും ഇപ്പോൾ ഉത്തരവ് ഉണ്ടായിട്ടുണ്ട്. ഇതെല്ലാം പരിശോധിച്ചശേഷം നിയമനം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

(സി) 1. 4-ാമത് നാഷണൽ ഗെയിംസ് മെഡൽ ജേതാക്കളായ 147 പേർക്ക് 1997-98 വർഷത്തിൽ ക്യാഷ് അവാർഡ് വിതരണം ചെയ്തിട്ടുണ്ട്.

2. 1997-98 വർഷത്തെ നാഷണൽ മെഡൽ ജേതാക്കളായ 282 കായിക താരങ്ങൾക്ക് 1999-2000 ൽ ക്യാഷ് അവാർഡ് വിതരണം ചെയ്തു.

3. അഞ്ചാമത് നാഷണൽ ഗെയിംസ് ജേതാക്കളായ 160 പേർക്ക് 99-2000 ൽ ക്യാഷ് അവാർഡ് വിതരണം ചെയ്തു.

1997-98 ലെ ലിസ്റ്റ് വിട്ടുപോയ ചില മത്സര ജേതാക്കൾക്കും 98-99, 99-2000 വർഷങ്ങളിലെ ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിലെ ജേതാക്കൾക്കുമുള്ള ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ക്യാഷ് അവാർഡു നല്കുന്നതിനു വേണ്ട തുക അനുവദിച്ചുനല്കണമെന്ന് കേരള സ്പോർട് സ് കൗൺസിൽ സെക്രട്ടറി സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുമ്പോൾ അധിക തുക അനുവദിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.

171(199) സ്പോർട്സ്നയം

ശ്രീ.ഇ.എം.അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്നതിന് സംസ്ഥാനനിയമനിർമ്മാണം നടത്തിയിട്ടുണ്ടോ;

(ബി) കൗൺസിലിൽ ഗവൺമെന്റ് പ്രതിനിധികളായി ആരെല്ലാമുണ്ട്;

(സി) ഗവൺമെന്റ് പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ഗവൺമെന്റ് പ്രതിനിധികൾ സ്ഥിരമായി യോഗങ്ങളിൽ പങ്കെടുക്കാറുണ്ടോ; എങ്കിൽ ഇവർ പങ്കെടുക്കാതിരുന്നാൽ ഈ ഉദ്ദേശലക്ഷ്യങ്ങൾ പാലിക്കപ്പെടുമോ;

(ഇ) സ്ഥിരമായി കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly